# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം 6964 - 13.07.2012 -ൽ മറുപടിയ്ക്ക്

### കിലെ ഏറ്റെടുത്തിട്ടുള്ള ഗവേഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ<br>,, സി. മമ്മുട്ടി<br>,, കെ. എൻ.എ. ഖാദർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) ഏറ്റെടുത്ത് നടപ്പാക്കുന്ന ഗവേഷണ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരം നല്കാമോ; | (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) നാളിതുവരെ 17 ഗവേഷണ പഠനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. തൊഴിൽ മേഖലയിൽ ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങൾ/പ്രശ്നങ്ങൾ ആസ്പദമാക്കിയാണ് ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇപ്പോൾ നടത്തിവരുന്ന അഞ്ച് ഗവേഷണ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>(1) A study on the unemployment problems among marginalised group of traditional gold and silver workers in Kerala; a sample study of the group in Thiruvananthapuram:-<br>Researcher Dr. V. Gopala Krishnan, Centre for Indigenous Technology Development Study, Thiruvananthapuram.<br>(2) Youth and Entrepreneurship barriers and Gateways to initiatives among the potential youth in Kerala-<br>Researcher : Smt.Usha.S, Thiruvananthapuram.<br>(3) Study on the professionalisation of domestic work in kerala<br>Researcher : Smt. Sonia, SEWA, Thiruvananthapuram.<br>(4) ആഗോളവത്ക്കരണ സാമ്പത്തിക നയങ്ങൾ കേരളത്തിലെ പരമ്പരാഗതമേഖലകളിലും അസംഘടിതമേഖലകളിലും ചെറുകിട വ്യവസായ മേഖലകളിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ചും സ്ത്രീ ജീവിതത്തിൽ സൃഷ്ടിക്കുന്ന ആഘാതങ്ങൾ സംബന്ധിച്ചുമുള്ള പഠനം. |

ഗവേഷക:- പ്രൊഫ മനഭാസ്കർ (റിട്ട) കേരള യൂണിവേഴ്സിറ്റി

(5) വിദേശ രാജ്യങ്ങളിലേക്കോ, അന്യ സംസ്ഥാനങ്ങളിലേക്കോ കോൺട്രാക്ടർ മുഖേന അല്ലാതെ ജോലിക്ക പോകുന്ന സ്ത്രീകളുടെ വിവരങ്ങൾ സൂക്ഷിക്കാനുതകുന്ന നിയമ വ്യവസ്ഥകൾ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള പഠനം.

ഗവേഷകൻ:- പ്രൊഫ. റ്റി.എസ്.എൻ. പിള്ള (റിട്ട) ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസ്, തിരുവനന്തപുരം

ഇതിൽ (4) ഉം (5) ഉം ക്രമനമ്പരായി രേഖപ്പെടുത്തിയിട്ടുള്ള ഗവേഷണങ്ങൾ സർക്കാർ നിർദ്ദേശാനുസരണം നടത്തി വരുന്നവയാണ്.

ഇൻസ്റ്റിറ്റ്യൂട്ട് പത്രത്തിലൂടെയും വെബ്സൈറ്റിലൂടെയും പരസ്യം നൽകി ഗവേഷണ പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ കോർ കമ്മിറ്റിയുടെ പ്രാഥമിക പരിശോധനയ്ക്കു ശേഷം യോഗ്യരായവരെ നേരിട്ട് വിളിച്ച് വരുത്തി കൂടിക്കാഴ്ച നടത്തുകയും അതിൽ നിന്നും അനുയോജ്യമായ പ്രൊപ്പോസലുകൾ എക്സിക്യൂട്ടീവ് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് എക്സിക്യൂട്ടീവ് കൗൺസിലിൽ ഇവ വിശദമായി പരിശോധിച്ച് യോഗ്യമായവ നടപ്പിലാക്കുവാൻ തീരുമാനിക്കുന്നു. കിലെയുടെ ഗവേഷണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് എക്സിക്യൂട്ടീവ് കൗൺസിൽ നിയമിച്ചിട്ടുള്ള തൊഴിൽ/വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു റിസർച്ച് കോർ കമ്മിറ്റിയാണ്.

(ബി)ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സമാഹരണം ഏതു വിധത്തിലാണെന്ന് വിശദമാക്കുമോ;

(ബി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) വഴി സംഘടിപ്പിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർക്കാരിൽ നിന്ന് ഗ്രാന്റ് ഇൻ എയ്ഡ് വഴിയാണ് ലഭ്യമാകുന്നത്.

| | |
|---|---|
| (സി)അന്യസംസ്ഥാന തൊഴിലാളികൾ അധികമായി കേരളത്തിലേയ്ക്ക് കടന്നു വരുന്നതിന്റെ കാരണങ്ങൾ കണ്ടെത്താൻ കിലെ മുഖേന വിവരശേഖരണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പഠനം നടത്താൻ തയ്യാറാകുമോ ? | (സി) ഇല്ല. ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ